**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **03-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ഗവ. നഴ്സിംഗ് കോളേജിലെ റാഗിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടയം ഗവ. നഴ്സിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളെ അതിക്രൂരമായി റാഗിംഗ് നടത്തി പീഡിപ്പിച്ചവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 229/2025 Kerala Prohibition of Ragging Act 1998 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് . പ്രതികളായി കണ്ടെത്തിയ അഞ്ച് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രതികൾക്കെതിരെ കേസ് എടുത്തിട്ടുള്ളത് ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു |
| (സി) | പീഡന വിവരം യഥാസമയം പോലീസിനെ അറിയിക്കുന്നതിൽ കോളേജ് അധികാരികൾക്ക് വീഴ്ചയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംഭവിച്ച വീഴ്ച ഉൾപ്പെടെ പോലീസ് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു<br><br>• . ഹോസ്റ്റലുകളിലെ CCTV സംവിധാനം കാര്യക്ഷമമാക്കി കൃത്യമായ നിരീക്ഷണം ഏർപ്പെടുത്തുക .<br><br>. റാഗിംഗ് ചെയ്താലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പോലീസ് ഉദ്യോഗസ്ഥരും അദ്ധ്യാപകരും നടത്തിവരുന്ന ബോധവത്കരണ ക്ലാസുകളുടെ എണ്ണം വർദ്ധിപ്പിക്കുക .<br><br>. എല്ലാ കോളേജുകളിലും ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം ഫലപ്രദമാക്കുക .<br><br>. ആന്റി റാഗിംഗ് കമ്മിറ്റി ആഴ്ച തോറും യോഗം ചേർന്ന് ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അവലോകനം ചെയ്യുക . |

| | | | |
|---|---|---|---|
| | | | . ആന്റി റാഗിങ്ങ് സ്ക്വാഡ്, ആന്റി റാഗിംഗ് കമ്മിറ്റി എന്നിവയുടെ കൃത്യനിർവ്വഹണം വകുപ്പ് മേധാവി തലത്തിൽ നിരീക്ഷണത്തിന് വിധേയമാക്കുക .<br><br>. കുറ്റക്കാരായ വിദ്യാർത്ഥിക്കൾക്കെതിരെ UGC Regulation on curbing the menace of Ragging in Higher Educational Institutions, 2009 പ്രകാരമുള്ള ശിക്ഷണനടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കുക .<br><br>എല്ലാ വിദ്യാർത്ഥികളും കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ റാഗിങ്ങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്യില്ല എന്നുള്ള പ്രതിജ്ഞയിൽ വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പ് വെച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട് . റാഗിങ്ങിന് വിധേയമാകുകയോ റാഗിങ്ങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കാനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളേജുകളിൽ പ്രദർശിപ്പിക്കുന്നുണ്ട് .വിദ്യാർഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും സൗകര്യമുണ്ട് . എല്ലാ കോളേജ് ക്യാമ്പസുകളിലും വിവിധ ഭാഗങ്ങളിലായി റാഗിങ്ങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ്ങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാനടപടികളെക്കുറിച്ചുള്ള അറിയിപ്പുകളും പ്രദർശിപ്പിച്ചുണ്ട് . |

സെക്ഷൻ ഓഫീസർ